# അടിസ്ഥാന ശാസ്ത്രം

## പ്രവർത്തനം 1

ക്ലാസ്സിൽ നടത്തിയ ഒരു പരീക്ഷണവുമായി ബന്ധപ്പെട്ട നിരീക്ഷണ ഫലങ്ങളാണ് ചുവടെ പട്ടികപ്പെടുത്തിയിട്ടുള്ളത്.

| | നീല ലിറ്റ്മസ് | ചുവന്ന ലിറ്റ്മസ് | മീഥെയ്ൽ ഓറഞ്ച് | മഞ്ഞൾ |
|---|---|---|---|---|
| സാമ്പിൾ 1 | നീല | നീല | ഇളം മഞ്ഞ | മഞ്ഞ |
| സാമ്പിൾ 2 | ചുവപ്പ് | ചുവപ്പ് | ഇളം പിങ്ക് | ചുവപ്പ് |


a. സാമ്പിൾ 1, സാമ്പിൾ 2 എന്നിവ ഏതു സ്വഭാവമുള്ളവയാണെന്നു എഴുതുക?
b. ഈ പരീക്ഷണത്തിൽ പ്രയോജനപ്പെടുത്താവുന്ന മറ്റു രണ്ടു പ്രകൃതിദത്ത സൂചകങ്ങളുടെ പേരെഴുതുക?
c. താഴെ തന്നിരിക്കുന്നവയിൽ കൂട്ടത്തിൽപെടാത്തതേത്?
   1. മോര്
   2. സോപ്പ്വെള്ളം
   3. വിനാഗിരി
   4. നാരങ്ങാ വെള്ളം

## പ്രവർത്തനം 2

a. അടുക്കളയിൽ അച്ചാർ ലോഹപ്പാത്രത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു ഇത് ശെരിയാണോ. നിങ്ങളുടെ അഭിപ്രായം എഴുതുക?
b. പരീക്ഷണശാലയിൽ ഉപയോഗിക്കുന്ന രണ്ടു ആൽക്കലികളുടെ പേരെഴുതുക?

## പ്രവർത്തനം 3

a. സോപ്പ് നിർമാണത്തിന് ഉപയോഗിക്കുന്ന രണ്ടു ബേസുകളുടെ പേരെഴുതുക
b. പുളിരുചിയുള്ള ഭക്ഷ്യവസ്തുക്കളിലെല്ലാം ചില ആസിഡുകൾ അടങ്ങിയിരിക്കുന്നു. താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങളിലെ ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയ ആസിഡുകൾ ഏതെല്ലാമാണെന്നു എഴുതുക?

പുളി    തക്കാളി    നാരങ്ങ    നെല്ലിക്ക    ആപ്പിൾ

## പ്രവർത്തനം 4

ചേരുംപടി ചേർക്കുക

ആസിഡുകളും അവയുടെ ഉപയോഗങ്ങളും യോജിക്കുന്ന രീതിയിൽ പട്ടികപ്പെടുത്തുക

| **ആസിഡ്** | **ഉപയോഗം** |
|---|---|
| കാർബോണിക് ആസിഡ് | പാനീയങ്ങൾ ഉണ്ടാക്കാൻ |
| ഫോർമിക് ആസിഡ് | മോട്ടോർ വാഹനങ്ങളുടെ ബാറ്ററിയിൽ |
| നൈട്രിക് ആസിഡ് | സോഡാ നിർമിക്കാൻ |
| സൾഫ്യൂരിക് ആസിഡ് | റബ്ബർപാൽ കട്ടിയാക്കാൻ |
| സിട്രിക് ആസിഡ് | രാസവളം, ചായങ്ങൾ, പെയിന്റ് എന്നിവ നിർമിക്കാൻ |
| ടാനിക് ആസിഡ് | പ്രിസെർവേറ്റിവ് ആയി ഉപയോഗിക്കുന്നു |
| അസറ്റിക് ആസിഡ് | തുകൽ, മഷി എന്നിവ നിർമിക്കാൻ |
| | |

## പ്രവർത്തനം 5

ബാലു വിനാഗിരിയും മഗ്നീഷ്യം റിബണും ഉപയോഗിച്ച് അഗ്നി ശമനി നിർമിക്കാൻ ശ്രമിക്കുകയായിരുന്നു

അവൻ അഗ്നിശമനിയിൽ നിന്നും വരുന്ന വാതകം കത്തിച്ച മെഴുകുതിരിക്ക് നേരെ വച്ചപ്പോൾ തീ കെടുത്തുന്നതിനു പകരം ചെറിയ ശബ്ദത്തോടെ വാതകം കത്തി

a. ഉണ്ടായ വാതകം ഏതാണ്?
b. ഈ വാതകത്തിന്റെ സ്വഭാവങ്ങൾ എന്തെല്ലാം

Prepared by
Sukhil.k, G.M.U.P.S VELUR